# കാലിക്കറ്റ് സർവകലാശാല
## പബ്ലിക് റിലേഷൻസ് വിഭാഗം

**പത്രക്കുറിപ്പ്**
**2026 സെപ്റ്റംബർ 10** **website: www.uoc.ac.in**

---

### ഹിന്ദി പഠനവകുപ്പിൽ ദ്വിദിന ദേശീയ സെമിനാർ

കാലിക്കറ്റ് സർവകലാശാലാ ഹിന്ദി പഠനവകുപ്പ് സെൻട്രൽ ഹിന്ദി ഡയറക്ടറേറ്റിന്റെയും 'ഭാഷ' മാഗസിൻ ന്യൂഡൽഹിയുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ സെമിനാറിന് തുടക്കമായി. പരിപാടി മഹാത്മാഗാന്ധി അന്താരാഷ്ട്ര ഹിന്ദി സർവ കലാശാലാ ( വാർധ ) മുൻ വൈസ് ചാൻസിലർ ഡോ. ജി. ഗോപിനാഥൻ ഉദ്ഘാടനം ചെയ്തു. ദക്ഷിണേന്ത്യയിലെ ഹിന്ദി പ്രചാരണത്തിൽ പത്രപ്രവർത്തനം മുഖ്യ പങ്കുവഹിച്ചെന്നും അതിന് ഗാന്ധിജിയുടെ പ്രവർത്തനങ്ങൾ വഴി കാട്ടിയാവണമെന്നും അദ്ദേഹം പറഞ്ഞു. പഠനവകുപ്പ് മേധാവി ഡോ. പ്രഭാകരൻ ഹെബ്ബാർ ഇല്ലത്ത് അധ്യക്ഷത വഹിച്ചു. ഡോ. പ്രമോദ് കൊവ്വപ്രത്ത്, ഡോ. കിരൺ ഝാ, ബൽറാം പ്രേം നാരായണൻ, ഡോ. എ. അച്യുതൻ എന്നിവർ സംസാരിച്ചു. ഡോ. ഭഗവാൻ ത്രിപാഠി, ഡോ. ജയശങ്കർ ബാബു, ഡോ. പി. ലത, ഡോ. ഗണേശ് പവാർ തുടങ്ങിയവർ വിവിധ സെഷനുകൾ അവതരിപ്പിച്ചു.

***ഫോട്ടോ :*** *കാലിക്കറ്റ് സർവകലാശാലാ ഹിന്ദി പഠനവകുപ്പ് സെൻട്രൽ ഹിന്ദി ഡയറക്ടറേറ്റിന്റെയും 'ഭാഷ' മാഗസിൻ ന്യൂഡൽഹിയുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ സെമിനാർ മഹാത്മാഗാന്ധി അന്താരാഷ്ട്ര ഹിന്ദി സർവകലാശാലാ (വാർധ) മുൻ വൈസ് ചാൻസിലർ ഡോ. ജി. ഗോപിനാഥൻ ഉദ്ഘാടനം ചെയ്യുന്നു.*

***പി.ആർ. 1290/2026***

### സ്പോർട്സ് കോൺവൊക്കേഷൻ 2026 സെപ്റ്റംബർ 28-ന്

കാലിക്കറ്റ് സർവകലാശാലാ സ്പോർട്സ് കോൺവൊക്കേഷൻ സെപ്റ്റംബർ 28-ന് നടക്കും. സർവകലാശാലാ സെമിനാർ കോംപ്ലക്സിൽ നടക്കുന്ന പരിപാടി കായിക വകുപ്പ് മന്ത്രി അഡ്വ. ഒ.ജെ. ജനീഷ് ഉദ്ഘാടനം ചെയ്യും. മുൻ ഇന്ത്യൻ അന്താരാഷ്ട്ര ഫുട്ബോൾ താരം ഐ.എം. വിജയൻ മുഖ്യാതിഥിയാകും. വള്ളിക്കുന്ന് എം.എൽ.എ. ടി.വി. ഇബ്രാഹിം, പ്രോ വൈസ് ചാൻസിലർ ഡോ. പി. റഷീദ് അഹമ്മദ്, രജിസ്ട്രാർ ഡോ. സി.ഡി. സെബാസ്റ്റ്യൻ, സിൻഡിക്കേറ്റംഗങ്ങൾ തുടങ്ങിയവർ പങ്കെടുക്കും. അഖിലേന്ത്യാ - അന്തർ സർവകലാശാലാ മത്സരങ്ങളിൽ വിജയികളായ 400 ഓളം കായിക താരങ്ങളെ ചടങ്ങിൽ ആദരിക്കും. കാലിക്കറ്റ് സർവകലാശാലാ കായിക രംഗത്തെ മികച്ച പുരുഷ, വനിത ഓവറോൾ നേടിയ ആദ്യ പത്ത് സ്ഥാനത്തെ കോളേജുകളെയും ആദരിക്കും. സർവകലാശാലാ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയധികം കായിക താരങ്ങൾ മെഡലുകൾ നേടുന്ന

ത്. കോൺവൊക്കേഷന്റെ നടത്തിപ്പിന് സംഘാടക സമിതി രൂപീകരിച്ചതായി കായിക വകുപ്പ് ഡയറക്ടർ ഡോ. വി.പി. സക്കീർ ഹുസൈൻ അറിയിച്ചു.

*പി.ആർ. 1291/2026*

**അക്കാദമിക് റോബുകൾ വിതരണം ചെയ്യുന്നതിന്**
**ക്വട്ടേഷൻ ക്ഷണിച്ചു**

കാലിക്കറ്റ് സർവകലാശാലയിൽ ഒക്ടോബർ 06-ന് നടക്കുന്ന ബിരുദദാന ചടങ്ങിലേക്ക് അക്കാദമിക് റോബുകൾ വിതരണം ചെയ്യുന്നതിന് ഏജൻസികളിൽ നിന്ന് സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷനുകൾ സെപ്റ്റംബർ 15-ന് വൈകിട്ട് 03.00 മണിക്ക് മുൻപായി രജിസ്ട്രാർ, കാലിക്കറ്റ് സർവകലാശാല എന്ന വിലാസത്തിൽ ലഭിക്കണം. ക്വട്ടേഷനുകൾ അന്നേ ദിവസം വൈകിട്ട് 04.00 മണിക്ക് തുറക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ www.uoc.ac.in .

*പി.ആർ. 1292/2026*

**ലൈഫ് സയൻസ് പഠനവകുപ്പിൽ ടെക്നിക്കൽ അസിസ്റ്റന്റ്**
**വാക് - ഇൻ - ഇന്റർവ്യൂ**

കാലിക്കറ്റ് സർവകലാശാലാ ലൈഫ് സയൻസ് പഠനവകുപ്പിൽ കരാറടിസ്ഥാനത്തിലുള്ള ടെക്നിക്കൽ അസിസ്റ്റന്റ് നിയമനത്തിനായി സെപ്റ്റംബർ 23-ന് വാക് - ഇൻ - ഇന്റർവ്യൂ നടത്തും. ഇ.ടി.ബി. സംവരണ ഒഴിവാണുള്ളത്. യോഗ്യത : 55 ശതമാനം മാർക്കിൽ കുറയാത്ത എം.എസ് സി. ലൈഫ് സയൻസ് ബിരുദം (മൈക്രോബയോളജി / ബയോകെമിസ്ട്രി / ഹ്യൂമൻ സൈക്കോളജി). ബന്ധപ്പെട്ട വിഷയത്തിൽ പിഎച്ച്.ഡി. അഭിലഷണീയം. ഉയർന്ന പ്രായപരിധി 43 വയസ്. യോഗ്യരായവർ മതിയായ രേഖകൾ സഹിതം രാവിലെ 09.00 മണിക്ക് സർവകലാശാലാ ഭരണകാര്യാലയത്തിൽ ഹാജരാകണം. വിശദമായ വിജ്ഞാപനം വെബ്സൈറ്റിൽ.

*പി.ആർ. 1293/2026*

**ഫിസിക്കൽ എജ്യുക്കേഷനിൽ അസിസ്റ്റന്റ് പ്രൊഫസർ:**
**അഭിമുഖം ഒക്ടോബർ 12-ന്**

കാലിക്കറ്റ് സർവകലാശാലാ സെന്റർ ഫോർ ഫിസിക്കൽ എജ്യുക്കേഷൽ കരാറടിസ്ഥാനത്തിലുള്ള അസിസ്റ്റന്റ് ഫ്രൊഫസർ നിയമനത്തിന് 14.07.2026 തീയതിയിലെ വിജ്ഞാപന പ്രകാരം ഓൺലൈനായി അപേക്ഷിച്ചവരിൽ യോഗ്യരായവർക്കുള്ള അഭിമുഖം ഒക്ടോബർ 12-ന് സർവകലാശാലാ ഭരണകാര്യാലയത്തിൽ വെച്ച് നടക്കും. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ www.uoc.ac.in .

*പി.ആർ. 1294/2026*

**ഗ്രേഡ് കാർഡ് / സർട്ടിഫിക്കറ്റ്**
**കൈപ്പറ്റാം**

സെപ്റ്റംബർ 08-ന് ഫലം പ്രസിദ്ധീകരിച്ച അഫിലിയേറ്റഡ് കോളേജുകളിലെ (ചാൻസ് അവസാനിച്ച) ആറാം സെമസ്റ്റർ ബി.കോം., ബി.ബി.എ. ( സി.യു.സി.ബി.സി.എസ്.എസ് - യു.ജി. - 2014, 2015, 2016 പ്രവേശനം ) സെപ്റ്റംബർ 2022 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളിൽ വിജയിച്ച അർഹരായ വിദ്യാർഥികൾക്ക് നിശ്ചിത ഫീസൊടുക്കി ഗ്രേഡ് കാർഡ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ് മുതലായവ പരീക്ഷാഭവൻ ബി.കോം. ബ്രാഞ്ചിൽ നിന്ന് കൈപ്പറ്റാം.

*പി.ആർ. 1295/2026*

**പരീക്ഷാഫലം**

നാലാം സെമസ്റ്റർ ( സി.സി.എസ്.എസ്. ) എം.എസ് സി. അപ്ലൈഡ് ജിയോളജി, എം.എ. മലയാളം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ ( 2024 പ്രവേശനം ), എം.ബി.എ. ( 2023 പ്രവേശനം ) ഏപ്രിൽ 2026 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1296/2026***

**സൂക്ഷ്മപരിശോധനാഫലം**

രണ്ടാം സെമസ്റ്റർ ബി.എഡ്. ഏപ്രിൽ 2026 റഗുലർ / സപ്ലിമെന്ററി പരീക്ഷകളുടെയും വിദൂര വിഭാഗം രണ്ടാം സെമസ്റ്റർ എം.കോം., എം.എ. ഹിന്ദി, എം.എസ് സി. മാത്തമാറ്റിക്സ് ഏപ്രിൽ 2026 പരീക്ഷകളുടെയും സൂക്ഷ്മപരിശോധനാഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1297/2026***

**പുനർമൂല്യനിർണയഫലം**

ബി.ടെക്. - ഒന്നാം സെമസ്റ്റർ (2019 സ്കീം - 2020 മുതൽ 2023 വരെ പ്രവേശനം, 2024 സ്കീം - 2024, 2025 പ്രവേശനം), മൂന്നാം സെമസ്റ്റർ (2024 സ്കീം - 2024 പ്രവേശനം), അഞ്ചാം സെമസ്റ്റർ (2019 സ്കീം - 2020 മുതൽ 2023 വരെ പ്രവേശനം) നവംബർ 2025 പരീക്ഷകളുടെ പുനർമൂല്യനിർണയഫലം പ്രസിദ്ധീകരിച്ചു.

രണ്ടാം സെമസ്റ്റർ എം.സി.എ. ( 2025 പ്രവേശനം ) റഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകളുടെ പുനർമൂല്യനിർണയഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1298/2026***